(ബി) ഇവരിൽ സി.പി.എം.-കാരായ 2 ഉം, മുസ്ലീംലീഗുകാരായ 2 ഉം, കോൺഗ്രസ്സ് പ്രവർത്തകനായ ഒരാളും ഉൾപ്പെടെ 5 പേർക്കെതിരെ KAAP Act പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഒരു രാഷ്ട്രീയ പാർട്ടിയിൽ മാത്രംപെട്ട പ്രതികൾക്കെതിരെ KAAP Act പ്രകാരം നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ നിയമാനുസരണമാണ് പോലീസ് പ്രവർത്തിച്ചുവരുന്നത്.

## യൂത്ത് കോൺഗ്രസ്സ് സംഘടനാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടന്ന സംഘട്ടനങ്ങൾ

**243 (3462)** ശ്രീമതി കെ. എസ്. സലീഖ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യൂത്ത് കോൺഗ്രസ്സ് സംഘടനാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എത്ര സംഘട്ടനങ്ങൾ നടന്നിട്ടുണ്ട് ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ;

(സി) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എത്ര കൊലപാതകങ്ങൾ ഉണ്ടായി ; എവിടെയെല്ലാം ; ആരൊക്കെയാണ് കൊലചെയ്യപ്പെട്ടത് ; പ്രതികളിൽ എത്ര പേരെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു ; ഇപ്രകാരം ജയിലിലടയ്ക്കപ്പെട്ടവർ ആരൊക്കെ ; വിശദമാക്കുമോ ;

(ഡി) യൂത്ത് കോൺഗ്രസ്സ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അടിപിടി കേസ്സുകളും, കൊലപാതക കേസ്സുകളും പൊതുജനങ്ങളിൽ ഭീതി പരത്തുന്നതും ക്രമസമാധാന പ്രശ്നം സൃഷ്ടിക്കുന്നതും ആണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

### ഉത്തരം

(എ) 37 സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്.

(ബി) കരമന, പൂന്തുറ, കൊല്ലം ഈസ്റ്റ്, കുന്നിക്കോട്, കടയ്ക്കൽ, അടൂർ, കീഴ്വായ്പൂർ, ചങ്ങനാശ്ശേരി, പാമ്പാടി, കൊച്ചി കസബ, എറണാകുളം സെൻട്രൽ, പിറവം, തടിയിട്ടപറമ്പ്, തൃശ്ശൂർ വെസ്റ്റ്, കുന്ദംകുളം, വടക്കാഞ്ചേരി, നെന്മാറ, ചെമ്മങ്ങാട്, കൊടുവള്ളി, തളിപ്പറമ്പ് എന്നീ പോലീസ് സ്റ്റേഷനുകളിലായി 38 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഒരു കൊലപാതകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അയ്യന്തോൾ എന്ന സ്ഥലത്ത് വച്ച് മധു എന്നയാൾ കൊലചെയ്യപ്പെടുകയും ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുമായി ബന്ധപ്പെട്ട് 7 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. ഷിനോജ് S/o ജോഷി
2. മാർട്ടിൻ S/o പൊറിഞ്ചു
3. പ്രവീൺ S/o പരമേശ്വരൻ
4. സുരേഷ് S/o സുബ്രഹ്മണ്യൻ
5. പ്രജിത്ത് S/o പ്രഭാകരൻ
6. സനൂപ് S/o ഗോപി
7. പ്രേംജി S/o ജോർജ്

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൊലചെയ്യപ്പെട്ട യൂത്ത് കോൺഗ്രസ് പ്രവർത്തകന്റെ മാതാപിതാക്കൾക്ക് നഷ്ടപരിഹാരം**

**244 (3463)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കൊലചെയ്യപ്പെട്ട യൂത്ത് കോൺഗ്രസ്സ് പ്രവർത്തകനായ ബാലകൃഷ്ണന്റെ മാതാപിതാക്കൾക്ക് നഷ്ടപരിഹാരം നൽകണമെന്ന കോടതിവിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോടതിവിധിയിലെ പ്രധാന പരാമർശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) കോടതിവിധി പ്രകാരമുള്ള തുക മാതാപിതാക്കൾക്ക് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) തുക നൽകിയിട്ടില്ലെങ്കിൽ അത് നൽകാതിരിക്കുവാനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ ?

**ഉത്തരം**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാലകൃഷ്ണന്റെ മരണവുമായി ബന്ധപ്പെട്ട കേസ്സിന്റെ പ്രാരംഭദശയിൽ ശരിയായ അന്വേഷണം നടന്നില്ല എന്നത് ടിയാന്റെ മാതാപിതാക്കളുടെ മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന് ബഹു. ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി. ബാലകൃഷ്ണന്റെ കൊലപാതകത്തെക്കുറിച്ച് ശരിയായ അന്വേഷണം ആവശ്യപ്പെട്ട് പരാതിക്കാർ കോടതിയെ സമീപിക്കേണ്ടി വന്നത് പരിഗണിച്ചും ടിയാന്റെ മാതാപിതാക്കൾ അനുഭവിക്കേണ്ടി വന്ന മനോവ്യഥ പരിഗണിച്ചും 2,50,000 രൂപ നഷ്ടപരിഹാരമായി നൽകുവാൻ ബഹു. ഹൈക്കോടതി [WP(C) 24015/ 2011]-നമ്പരിലുള്ള 14/3/2013-ലെ വിധിയിൽ ഉത്തരവായിട്ടുണ്ട്.

(സി&ഡി) നഷ്ടപരിഹാരം നൽകണമെന്ന ബഹു. ഹൈക്കോടതിയുടെ 14-3-2013-ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അപ്പീൽ പെറ്റീഷൻ തീർപ്പാകുന്നമുറയ്ക്ക് അതനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly